# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജുലൈ 23 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## രാജ്യത്ത് ആദ്യമായി ഇ പാസിംഗ് ഔട്ട് പരേഡ് നടത്തി കേരളം

രാജ്യത്ത് ആദ്യമായി ഓൺലൈനിൽ സബ് ഇൻസ്പെക്ടർമാർക്കായി പാസിംഗ് ഔട്ട് പരേഡ് നടത്തി രാമവർമ്മപുരം കേരള പോലീസ് അക്കാദമി. അക്കാദമി ഓഡിറ്റോറിയത്തിൽ നടന്ന ഇ-പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി സല്യൂട്ട് സ്വീകരിച്ചു. എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളുമാണെന്നും അവ സേവന കേന്ദ്രങ്ങൾ കൂടിയാണെന്നും സല്യൂട്ട് സ്വീകരിച്ചു കൊണ്ട് മുഖ്യമന്ത്രി പറഞ്ഞു.

കേരള പോലീസിന്റെ ചരിത്രത്തിൽ ആദ്യമായാണ് അടിസ്ഥാന പരിശീലനം പൂർത്തിയാക്കിയ സബ് ഇൻസ്പെക്ടർമാർ ട്രെയിനികളുടെ ഇ-പാസിംഗ് ഔട്ട് നടത്തിയത്. പൂർണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരുന്നു പാസിംഗ് ഔട്ട് പരേഡ്.

ഒൻപത് മാസത്തെ തീവ്ര പരിശീലനം പൂർത്തിയാക്കിയാണ് കേരള പൊലീസ് സേനയിലെ 29 ബി, 30-ാം ബാച്ച് പുറത്തിറങ്ങിയത്. കേരള പോലീസ് അക്കാദമിയുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെ ഇ- പാസിംഗ് ഔട്ട് പരേഡ് പൊതുജനങ്ങൾക്ക് തൽസമയം കാണുവാനുള്ള സൗകര്യവും ഒരുക്കിയിരുന്നു.

വിവിധ മത്സരങ്ങളിൽ വിജയികളായ പോലീസുകാർക്ക് സമ്മാനദാനവും നടത്തി. 29 എ ബാച്ചിലെ സുഹൈൽ കെ, 30 എ ബാച്ചിലെ അഭിറാം സി എസ് എന്നിവർ ബെസ്റ്റ് ഇൻഡോർ ഗെയിംസ് വിജയികളായി. ബെസ്റ്റ് ഷൂട്ടർ എം മനേഷ്(29 എ ബാച്ച്), സൂരജ് സി എസ്(30 എ), ബെസ്റ്റ് ഔട്ട് ഡോർ-എം മനേഷ്(29 എ ബാച്ച്), എം സരിത(30 എ), ബെസ്റ്റ് ഓൾ റൗണ്ടർ-കെ സുഹൈൽ(29 എ), എം സരിത(30 എ) എന്നിവരാണ് വിവിധ മേഖലകളിൽ വിജയികളായത്.

കേരള പോലീസിൽ നേരിട്ട് സർവ്വീസിൽ നിയമിക്കപ്പെട്ട സബ് ഇൻസ്പെക്ടർമാരിൽ വനിതകൾ കൂടി ഉൾപ്പെട്ട രണ്ടാമത്തെയും മൂന്നാമത്തെയും ബാച്ചുകളാണ് ഇപ്പോൾ പുറത്തിറങ്ങിയത്. 2019 മെയ് 13 നും ജൂലൈ അഞ്ചിനുമായി ആരംഭിച്ച രണ്ട് ബാച്ചുകളാണ് പരിശീലനം പൂർത്തിയാക്കിയത്. അടിസ്ഥാന പരിശീലനം കൂടാതെ തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള പ്രത്യേക കമാൻഡോ ട്രെയിനിംഗ്, ഹൈ ആൾട്ടിറ്റ്യൂട്ട് ട്രെയിനിങ്ങ്, കോസ്റ്റൽ ട്രെയിനിങ്ങ് സെൻറർ, കമ്മ്യൂണിറ്റി പോലീസിംഗ്, ദുരന്തനിവാരണം, സൈബർ കുറ്റാന്വേഷണം കൂടാതെ കമ്പ്യൂട്ടർ, ഡ്രൈവിംഗ്, സ്വിമ്മിംഗ്, യോഗ തുടങ്ങിയവയിലും വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. ആദ്യ ബാച്ചിൽ 60 പേരും രണ്ടാം ബാച്ചിൽ 44 പേരുമാണുള്ളത്. ഇതിൽ 14 പേർ വനിതകളാണ്. പരിശീലനം പൂർത്തിയാക്കിയ 104 പേരിൽ എംടെക്, എംഎഡ് യോഗത്യയുള്ള ഓരോരുത്തരും രണ്ട് എംബിഎ, എംസിഎ ബിരുദധാരികളും 4 ബിഎഡ് യോഗ്യതയുള്ളവരും 11 ബിടെക് യോഗ്യതയുള്ളവരും ബിരുദാനന്തരബിരുദമുള്ള 23 പേരുമുണ്ട്. പാഠ്യപദ്ധതിയനുസരിച്ച്

തീവ്രപരിശീലനം, മാനസികാരോഗ്യ ക്ലാസുകൾ, പൊതുപരീക്ഷകൾ, വിലയിരുത്തൽ എന്നിവയെല്ലാം ഇ-ലേണിങ് പദ്ധതിയിലൂടെ നടത്തി. അക്കാദമി സ്വന്തമായി വികസിപ്പിച്ച ഓൺലൈൻ ആപ്ലിക്കേഷനായ കെൽസ് എന്ന മാധ്യമത്തിലൂടെയായിരുന്നു പഠനം. പദ്ധതിക്ക് 2017 ൽ സംസ്ഥാന സർക്കാരിന്റെ ഇ ഗവേർണൻസ് അവാർഡ് ലഭിച്ചിരുന്നു.

സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, അക്കാദമി ഡയറക്ടർ ഡോ. ബി സന്ധ്യ, ഡിഐജി ട്രെയിനിങ് നീരജ് കുമാർ ഗുപ്ത തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്:***

***1) രാമവർമ്മപുരം കേരള പോലിസ് അക്കാദമിയിൽ 29 ബി, 30-ാം ബാച്ച് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ ഇ-പാസ്സിങ്ങ് ഔട്ട് പരേഡിൽ ഓൺലൈനിലൂടെ മുഖ്യമന്ത്രി പിണറായി വിജയൻ സല്യൂട്ട് സ്വീകരിക്കുന്നു***

***2) കേരള പോലിസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 29 ബി, 30-ാം ബാച്ച് പോലീസ് സബ് ഇൻസ്പെക്ടർമാർ ഇ-പാസ്സിങ്ങ് ഔട്ട് പരേഡിൽ***

## സിഎഫ്എൽടിസികൾക്ക് കൈത്താങ്ങായി നാഷണൽ സർവ്വീസ് സ്കീം യൂണീറ്റുകൾ

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾക്ക് ബെഡ്ഷീഷീറ്റുകളും സാനിറ്റൈസറും വിതരണം ചെയ്ത് ഹയർ സെക്കന്ററി ജില്ലാ നാഷണൽ സർവ്വീസ് സ്കീം യൂണീറ്റുകൾ. യൂണിറ്റിന്റെ നേതൃത്വത്തിൽ ജില്ലയിലെ കോവിഡ് കെയർ സെൻററുകളിലേക്ക് 5000 കോസ്മിക് മെഡിക്കൽ ബെഡ്ഷീറ്റുകളും 500 ലിറ്റർ സാനിറ്റൈസറുമാണ് നൽകിയത്. 4,72,000 രൂപ മുതൽ മുടക്കി രണ്ട് ദിവസംകൊണ്ട് ശേഖരിച്ച മെഡിക്കൽ ബെഡ്ഷീറ്റുകൾ ഉൾപ്പെടെയുള്ളവ ജില്ലാ കളക്ടറുടെ ചേമ്പറിൽ വെച്ച് സി എഫ് എൽ ടി സി സ്പെഷ്യൽ ഓഫീസർ ജീവൻ ബാബുവിന് അക്കാദമിക് കോർഡിനേറ്റർ വി എം കരീം കൈമാറി. എഡിഎം റെജി പി ജോസഫ്, സിഎഫ്എൽടിസി നോഡൽ ഓഫീസർ സോളി ആന്റണി, ഹുസൂർ ശിരസ്തദാർ കെ ജി പ്രാൺസിംഗ്, എൻ എസ് ജില്ലാ കൺവീനർ എം വി പ്രതീഷ്, പിഎസി അംഗം ജി റസൽ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെൻറിലേക്ക് ഹയർസെക്കണ്ടറി വിഭാഗം എൻ എസ് എസ് നൽകിയ സാനിറ്റെസറും ബഡ് ഷിറ്റും സിഎഫ്എൽടിസി സ്പെഷ്യൽ ഓഫിസർ ജീവൻ ബാബു ഏറ്റുവാങ്ങുന്നു***

## കടപ്പുറം സിഎച്ച്സി സന്ദർശിച്ചവർ ബന്ധപ്പെടണം

ജൂലൈ 22 ന് കടപ്പുറം പഞ്ചായത്തിലെ സാമൂഹികാരോഗ്ര കേന്ദ്രം സന്ദർശിച്ചവർ ഉടൻ ബന്ധപ്പെടണമെന്ന് സൂപ്രണ്ട് അറിയിച്ചു. കേന്ദ്രത്തിൽ നടത്തിയ കോവിഡ് പരിശോധനയിൽ രണ്ട് പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണിത്. അന്നേ ദിവസം രാവിലെ 11 മണി മുതൽ രണ്ടു മണി വരെ ആശുപത്രി സന്ദർശിച്ചിരുന്നവർ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടണം. സൂപ്രണ്ട്: 9446316237, ഹെൽത്ത് സൂപ്പർവൈസർ: 9446518678, ജെ എച്ച് ഐ: 989530624.

## ലാബ് ടെക്നീഷ്യൻ ഒഴിവ്

തൃശൂർ ജില്ലാ ഹോമിയോ ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. മെഡിക്കൽ ലാബ് ടെക്നോളജിയിൽ ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ ആണ് യോഗ്യത. നിശ്ചിത യോഗ്യതമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം ജൂലൈ 29 ന് പൂത്തോൾ ജില്ലാ ഹോമിയോ ആശുപത്രിയിൽ അഭിമുഖത്തിന് എത്തണം. അഭിമുഖത്തിന് വരാൻ താൽപര്യമുള്ളവർ ജൂലൈ 28 ന് 0487-2366643 നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണം.

# ചാലക്കുടി പനമ്പിള്ളി കോളേജ് ഇൻഡോർ സ്റ്റേഡിയം നവീകരണത്തിന് നടപടിയായി

ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവ. കോളേജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണത്തിന് വേണ്ട നടപടി സ്വീകരിച്ചതായി ബി ഡി ദേവസ്സി എംഎൽഎ അറിയിച്ചു. ചാലക്കുടി മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1.57 കോടി രൂപ ചിലവിൽ സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തും. കായിക വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് ഇതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവ് ഉത്തരവ് പുറപ്പെടുവിപ്പിച്ചു. ഇൻഡോർ കോർട്ട് സിവിൽ വർക്കുകൾ, വുഡൻ ഫ്ളോർ, ഇലക്ട്രിക് വർക്കുകൾ, ഫയർ ആൻഡ് സേഫ്റ്റി സംവിധാനങ്ങൾ, വൈദ്യുതി കണക്ഷൻ തുടങ്ങിയ സംവിധാനങ്ങൾ നവീകരണത്തോടനുബന്ധിച്ച് ഇൻഡോർ സ്റ്റേഡിയത്തിലൊരുക്കും. ചാലക്കുടിയുടെ കായിക മുന്നേറ്റത്തിന് കൂടുതൽ സഹായകരമാകുന്ന രീതിയിലാകും ഗവ. കോളേജ് ഇൻഡോർ സ്റ്റേഡിയം നവീകരണമെന്ന് എംഎൽഎ അറിയിച്ചു.

***ഫോട്ടോ അടിക്കുറിപ്പ് : നവീകരണത്തിന് അനുമതി ലഭിച്ച ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവ.കോളേജിലെ ഇൻഡോർ സ്റ്റേഡിയം***

# പുന്നയൂരിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ഒരുങ്ങുന്നു

പുന്നയൂർ പഞ്ചായത്തിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ഒരുങ്ങുന്നു. കോവിഡ് രോഗവ്യാപന സാഹചര്യത്തിൽ കോവിഡ് പോസിറ്റീവാകുകയും എന്നാൽ ചെറിയ രോഗലക്ഷണങ്ങൾ മാത്രം പ്രകടമാക്കുകയും ചെയ്യുന്ന രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാണ് കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ. പുന്നയൂരിൽ സിംഗപ്പൂർ പാലസാണ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായി തിരഞ്ഞെടുത്തത്. 150 പേർക്ക് ചികിത്സ നൽകാവുന്ന രീതിയിൽ ഇവിടെ കിടക്കകൾ ഒരുങ്ങുന്നത്. പഞ്ചായത്തും ആരോഗ്യ- സന്നദ്ധ പ്രവർത്തകരും ചേർന്ന് സോപ്പ് ലായിനി ഉപയോഗിച്ച് ഹാൾ അണുനശീകരണം നടത്തുകയും കട്ടിൽ, കിടക്ക എന്നിവ സജ്ജമാക്കുകയും ചെയ്തു. കോവിഡ് വ്യാപനത്തെ ഒറ്റക്കെട്ടായി ചെറുക്കാനുള്ള പ്രയത്നത്തിലാണിവർ.

***ഫോട്ടോ അടിക്കുറിപ്പ്: പുന്നയൂർ പഞ്ചായത്തിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായി സജ്ജമാക്കുന്ന സിംഗപ്പൂർ പാലസ്***

# പരീക്ഷകൾ മാറ്റിവെച്ചു

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല 2020 ആഗസ്റ്റ് നാല് മുതൽ നടത്താനിരുന്ന അവസാന വർഷ ബി എസ് സി നഴ്സിംഗ് ഡിഗ്രി സപ്ലിമെന്ററി പരീക്ഷയും, രണ്ടാം വർഷ പോസ്റ്റ് ബേസിക് ബി എസ് സി നഴ്സിംഗ് ഡിഗ്രി സപ്ലിമെന്ററി പരീക്ഷയും കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അനിശ്ചിതമായി മാറ്റി വെച്ചു.

# തുടരും